# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 827 13-06-2012 ൽ മറുപടിക്ക്

**കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി. ഡി ദേവസ്സി എം.എൽ.എ** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി മാനേജ്മെന്റ് ദീർഘകാലമായി തൊഴിലാളികളുടെ വേതന കരാർ പുതുക്കാതെയും, മിനിമം കൂലി പോലും നടപ്പാക്കാതെയും, കമ്പനി അടച്ചുപൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കമ്പനി നിലനിർത്തുന്നതിനും, തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച്, അർഹമായ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടിൾ വ്യക്തമാക്കാമോ ? | (ബി) ബി.ഐ.എഫ്.ആർ-ന്റെ 19/08/2008-ലെ നടപടിക്രമ പ്രകാരം കമ്പനി അടച്ചുപൂട്ടുന്നതിന് തീരുമാനിക്കുകയും അതു സംബന്ധിച്ച നിയമ നടപടികൾ കർണ്ണാടക ഹൈക്കോടതിയുടെ പരിഗണനനണയിലുമാണ്. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ഇടപെടുകയും അനുരഞ്ജന ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ചർച്ചകളിൽ മാനേജ്മെന്റ് തങ്ങളുടെ നിലപാടുകളിൽ ഉറച്ചു നിന്ന സാഹചര്യത്തിൽ തർക്കം രമ്യമായി പരിഹരിക്കാൻ കഴിഞ്ഞില്ല. മേൽ സാഹചര്യത്തിൽ അനുരഞ്ജന ചർച്ചയുടെ പരാജയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18/05/2012-ലെ ജി.ഒ.(ആർ.റ്റി) നം.760/2012/തൊഴിൽ പ്രകാരം ടി തർക്കം പാലക്കാട് വ്യവസായ ട്രൈബ്യൂണലിലേക്ക് അഡ്ജൂഡിക്കേഷന് ശുപാർശ ചെയ്ത് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ